"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവല്ല പി.എം.വി.സ്കൂൾസ് മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 16576/2025 മേലുള്ള 22.05.2027 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2582/2026/GEDN തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. പി.എം.വി.സ്കൂൾസ് മാനേജർ സമർപ്പിച്ച 11.04.2025 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-9)
2. റിട്ട് ഹർജി 16576/2025 മേലുള്ള 22.05.2027 ലെ വിധിന്യായം.
3. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/07/2025-ലെ DEOTVL/1005/2025-B2 നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18/07/2025-ലെ DDEPTA/1412/2025-B3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവല്ല പി.എം.വി.സ്കൂൾസ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 16576/2025 മേലുള്ള 22.05.2027 ലെ വിധിന്യായത്തിൽ ഹർജിക്കാരനെ നേരിൽ കേട്ട് എക്സിബിറ്റ് പി9 റിവിഷൻ പെറ്റീഷൻ തീർപ്പുകല്പിക്കുവാൻ ബഹു. കോടതി ഉത്തരവാകുകയുണ്ടായി. ആയത് പ്രകാരം ബന്ധപ്പെട്ട കക്ഷികളുടെ വാദം 21/07/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേൾക്കുകയുണ്ടായി.

2.ഹർജിക്കാരനായ മാനേജർ താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

"15/07/2024 ലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം പെരിങ്ങര പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്കൂളിന് 2024-25 ലേക്ക് യു.പി. സെക്ഷനിൽ 3 ക്ലാസ് ഡിവിഷനും എച്ച്.എസ്. സെക്ഷനിൽ 3 ക്ലാസ് ഡിവിഷനും ബന്ധപ്പെട്ട തസ്തികകളും അനുവദിച്ചുകൊണ്ട് ഉത്തരവായി. എന്നാൽ ആറാം സാധ്യായ ദിവസത്തിലെ കുട്ടികളുടെ എണ്ണം 106 ആയി അംഗീകരിച്ചെങ്കിലും valid UID നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത് 88 ആയി മാത്രമേ കണക്കിലെടുത്തുള്ളൂ. ആയതിനാൽ ഒരു ക്ലാസ്സിൽ ശരാശരി 15 ന് താഴെ എണ്ണം കുട്ടികളില്ലാത്ത സ്കൂളായതിനാൽ നിശ്ചിത എണ്ണം കുട്ടികളില്ലാത്ത സ്കൂളായി 2024-25 ൽ മാറി.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/06/2024 ലെ സർക്കുലർ പ്രകാരം കുട്ടികളുടെ UID validate ചെയ്യുന്നതിനും സമ്പൂർണ്ണയിൽ update ചെയ്യുന്നതിനും 24/06/2024 വരെ സമയം അനുവദിച്ചു. എച്ച്.എം. 19/07/2024 ലെ കത്ത് പ്രകാരം 7 കുട്ടികളുടെ UID അവരുടെ പേര് മിസ് മാച്ച് ചെയ്തതിനാൽ ആയത് കറക്റ്റ് ചെയ്ത് ഈ 7 കുട്ടികളുടെ UID കൂടി validate ചെയ്ത

സമ്പൂർണയിൽ update ചെയ്യുന്നതിന് കാർഡുകളുടെ പകർപ്പുകളുൾപ്പെടെ DDE യോട് അപേക്ഷിച്ചു. ഈ 7 കുട്ടികളിൽ 6 പേരും 2023-24 ൽ ഈ സ്കൂളിൽ തന്നെ പഠിച്ചിരുന്നവരും 2023-24 ലെ തസ്തിക നിർണ്ണയത്തിന് അവരെ കണക്കാക്കിയിരുന്നവരുമാണ്. 24/06/2024 ന് മുൻപ് തന്നെ ഇവരുടെ UID validate ചെയ്യുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിച്ചിരുന്നതുമാണ്. പക്ഷേ തസ്തിക നിർണയ ഉത്തരവിൽ ഇവരെ പരിഗണിച്ചില്ല.

Valid UID ഉള്ള കുട്ടികളുടെ എണ്ണം 2024-25 ൽ 95 ആണ്. പക്ഷേ 88 ആയി മാത്രമേ തസ്തിക നിർണയ ഉത്തരവുപ്രകാരം അംഗീകരിച്ചുള്ളൂ. 7 കുട്ടികളുടെ UID valid ആക്കി മാറ്റുന്നതിനായി അവരുടെ പേരിലുള്ള വ്യത്യാസം തിരുത്തുകയും സമ്പൂർണ്ണയിൽ update ചെയ്യുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് Ext.P3 കത്ത് പ്രകാരം എച്ച്.എം. സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/07/2024-ലെ വെരിഫിക്കേഷനിൽ 01/07/2024 ൽ valid UID ഉള്ള കുട്ടികളുടെ എണ്ണം 98 ആയി അംഗീകരിച്ചിട്ടുണ്ട്. പക്ഷേ സമ്പൂർണയിൽ 01/07/2024 ലെ valid UID കളുടെ എണ്ണം 88 ആയതിനാൽ 88 ആയി മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചു.

ഹെഡ്മിസ്ട്രസ്സിന്റെ 19/06/2024-ലെ കത്ത് പ്രകാരം 7 കുട്ടികളുടെ valid UID 19/06/2024 ൽ തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് validate ചെയ്യാൻ സമർപ്പിച്ചിട്ടുള്ളതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിച്ച അവസാന തീയതിക്ക് (24/06/2025) മുമ്പ് തന്നെ തെറ്റുതിരുത്തി സമർപ്പിച്ചതിനാൽ ഈ കുട്ടികളുടെ എണ്ണവും പരിഗണിക്കേണ്ടതാണ്. (KITE അധികൃതർക്ക് നേരിട്ട് സമർപ്പിക്കേണ്ടതായിരുന്നു എന്ന് അന്ന് ആരും ശ്രദ്ധയിൽപ്പെടുത്തിയില്ല.) പേരിൽ തെറ്റ് പറ്റിയ 7 UID കളിൽ മൂന്നുപേർ 2025 മാർച്ച് മാസത്തിലെ SSLC പരീക്ഷ എഴുതിയതാണ്. അതിനാൽ അവരെ ഒഴിവാക്കുന്നത് നീതീകരിക്കത്തക്കതല്ല. സമാന സാഹചര്യത്തിൽ ഗവൺമെന്റ് 27/03/2025 ലെ G.O.(Rt)No.2284/25/G.Edn ഉത്തരവ് പ്രകാരം invalid UID ആയ കുട്ടികളുടെ UID valid ആക്കുന്നതിനുള്ള സമയത്തിന് മുമ്പ് തന്നെ valid ആക്കി സമർപ്പിച്ചതിനാൽ മുഴുവൻ കുട്ടികളുടെയും എണ്ണത്തിന്റെ നിർണയ നടപടികൾ അടിസ്ഥാനത്തിൽ തസ്തിക പൂർത്തിയാക്കാൻ ഉത്തരവായിട്ടുണ്ട്.

ഇതേ സാഹചര്യം തന്നെയാണ് എന്റെ കാര്യത്തിലും Invalid UID, Valid ആക്കി മാറ്റുന്നതിന് നിശ്ചയിച്ചിരുന്ന 24/06/2024 ന് മുമ്പുതന്നെ valid UID സമർപ്പിച്ചിരുന്ന സാഹചര്യത്തിൽ 7 കുട്ടികളുടെ valid UID കൂടി കണക്കിലെടുത്ത് സ്കൂളിന്റെ ആറാം സാധ്യായ ദിവസത്തെ valid UID ഉള്ള കുട്ടികളുടെ എണ്ണം 95 (88+7) ആയി തസ്തിക നിർണയ ഉത്തരവ് പുനഃരാവിഷ്കരിക്കാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസർക്ക് നിർദ്ദേശം നല്കണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു.

7 കുട്ടികളുടെ valid UID കൂടി പരിഗണിച്ച് തസ്തിക നിർണയ ഉത്തരവിൽ valid UID ഉള്ള കുട്ടികളുടെ എണ്ണം 95 ആക്കി മാറ്റുന്നത് വഴി അധിക ക്ലാസ് ഡിവിഷനോ അധിക തസ്തികകളോ അനുവദിക്കേണ്ടതില്ലെന്ന് ഉള്ള വിവരവും പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു. സ്കൂളിന്റെ സ്റ്റാറ്റസ് നിശ്ചിത എണ്ണത്തിൽ കുറവുള്ള സ്കൂൾ എന്നത് നിശ്ചിത എണ്ണം കുട്ടികളുള്ള സ്കൂൾ എന്ന് മാത്രം മാറ്റുന്നതിന് വേണ്ടിയാണ് ഈ അപേക്ഷ കൊണ്ട് ഉദ്ദേശിക്കുന്നത്."

3.വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

"തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെടുന്ന ഹൈസ്കൂളാണ് പെരിങ്ങര പി.എം.വി. ഹൈസ്കൂൾ. ടി സ്കൂളിലെ വർഷത്തെ തസ്തിക നിർണയ നടപടികൾ പൂർത്തിയാക്കി, ഉത്തരവ് നമ്പർ ദീ.തീ.ബി2/737554/2024 പ്രകാരം 15/07/2024-ന് നടപടി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി സ്കൂളിൽ 2024-25 വർഷത്തിൽ തസ്തിക നിർണയ സമയത്ത് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി ആകെ 106 കുട്ടികൾ ഉണ്ടായിരുന്നു. എങ്കിലും ആറാം പ്രവർത്തി ദിവസ കണക്കെടുപ്പ് പ്രകാരം വാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം 88 ആയിരുന്നു. ഇൻവാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം 17 ഉം, UID ഇല്ലാത്ത കുട്ടികളുടെ എണ്ണം 1 ഉം ആയിരുന്നു. ആയതിൻ പ്രകാരം തസ്തിക നിർണ്ണയ നടപടികൾ സ്വീകരിച്ചുവരവേ പൊതുവിദ്യാഭ്യാസ ഡയറക്ടർ DGE/9439/2024-H2 തീയതി 20/06/2024 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ KITE ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കുലർ പുറപ്പെടുവിക്കുകയും ഉണ്ടായി. പ്രസ്തുത സർക്കുലർ പ്രകാരം, ഇൻവാലിഡ് ആയ UID വാലിഡ് ആക്കുന്നതിനായി ജൂൺ 28, 29 തീയതി വരെ അവസരം നൽകിയിരുന്നു.

ടി സ്കൂളിലെ UID VERIFICATION പൂർത്തിയായതിനു ശേഷം 01/07/2024 ന് സമ്പൂർണയിൽ പരിശോധിച്ചപ്പോൾ വാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം 98 ആയികണ്ടു. എന്നാൽ സമ്പൂർണ പ്രകാരമുള്ള ആറാം പ്രവർത്തി ദിവസത്തെ വാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം ആയ 88 തന്നെയാണ്. ടി എണ്ണം ആണ് സമന്വയിൽ ഓട്ടോമാറ്റിക് ആയി ലഭിച്ചത് ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ഡിവിഷനും തസ്തികയും അനുവദിച്ച് നൽകുന്നത്. സമ്പൂർണയിൽ നിലവിലും ആറാം സാധ്യായ ദിവസത്തെ UID ഉള്ള കുട്ടികളുടെ എണ്ണം 88 ആണ്.

ബഹു:പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നമ്പർ RA4/810395/2025 തീയതി 08/04/2025 പ്രകാരം സമയബന്ധിതമായി UID കറക്റ്റ് ചെയ്തതായി കാണാത്തതിനാലും ഇക്കാര്യം KITE CEO കത്ത് മുഖേന അറിയിച്ചിട്ടുള്ളതിനാലും പെരിങ്ങര പി.എം.വി ഹൈസ്കൂൾ മാനേജരുടെ അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പെരിങ്ങര പി.എം.ബി. ഹൈസ്കൂളിൽ 2024-25 വർഷത്തിൽ തസ്തിക നിർണയ സമയത്ത് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി ആകെ 106 കുട്ടികൾ ഉണ്ടായിരുന്നു. എങ്കിലും ആറാം പ്രവർത്തി ദിവസ കണക്കെടുപ്പ് പ്രകാരം വാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം 88 ആയിരുന്നു. ഇൻവാലിഡ് UID ഉള്ള കുട്ടികളുടെ എണ്ണം 17 ഉം, UID ഇല്ലാത്ത കുട്ടികളുടെ എണ്ണം 1 ഉം ആയിരുന്നു. ഇൻവാലിഡ് ആയ യു.ഐ.ഡി. വാലിഡ് ആക്കുന്നതിന് ജൂൺ 28,29 തീയതി വരെ അവസരം നൽകിയിരുന്നു.

5.ടി സ്കൂളിലെ യു.ഐ.ഡി. വെരിഫിക്കേഷൻ പൂർത്തിയായ ശേഷവും 01/07/2024ന് സമ്പൂർണ്ണയിൽ വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം 98 ആയിരുന്നു. എന്നാൽ അപ്പോഴും സമ്പൂർണ്ണ പ്രകാരമുള്ള ആറാം പ്രവർത്തി ദിവസത്തെ യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണം 88 ആയി തന്നെ തുടരുന്നു. ആയതുപ്രകാരമാണ് തസ്തിക നിർണയം നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ഇൻവാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ ഐഡി വാലിഡ് ആക്കുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള 15 ദിവസത്തെ സമയപരിധി കഴിഞ്ഞ് 31/07/2024-

ൽ മാത്രമാണ് മാനേജർ അപേക്ഷ സമർപ്പിച്ചത് എന്ന കാരണത്താൽ അപ്പീൽ തള്ളപ്പെട്ടു. ഇൻവാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ ഐഡി വാലിഡ് ആക്കുന്നതിന് അപേക്ഷ KITE ന്റെ ചുമതയുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കാതെ വിദ്യാഭ്യാസ അധികൃതർക്ക് സമർപ്പിച്ചതാണ് ടി കുട്ടികളുടെ യു.ഐ.ഡി. സമ്പൂർണ്ണയിൽ അപ്‌ലോഡ് ആയി സമന്വയയിൽ പ്രതിഫലിക്കുന്നതിന് താമസമായത് എന്നാണ് മാനേജർ വാദിക്കുന്നത്. പേരിൽ തെറ്റ് പറ്റിയിട്ടുള്ള ഏഴ് കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കുന്നതിനുള്ള അപേക്ഷ 19/06/2014-ൽ സമർപ്പിച്ചിട്ടുള്ളതായി മാനേജർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികളെ പരിഗണിച്ചിട്ടില്ല. ഇതിൽ മൂന്ന് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരാണ്.

6. ജി.ഒ.(ആർ.റ്റി) നം.2859/2025/പൊവിവ തീയതി 21/04/2025 പ്രകാരം മുളവൂർ എസ്.എം.എസ്.എം. എൽ.പി. സ്കൂളിൽ 08/08/2023 തീയതിയിൽ വാലിഡ് യു.ഐ.ഡി. ഉള്ള (പുതുതായി യു.ഐ.ഡി. നേടിയത് അഥവാ ഇൻവാലിഡ് യു.ഐ.ഡി. വാലിഡ് ആക്കി ലഭ്യമാക്കിയത് ആയ) കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് ഈ സ്കൂളിന്റെ 2023-24 അധ്യയന വർഷത്തെ തസ്തിക നിർണയം പുനർനിർണിച്ച് നൽകിയിട്ടുണ്ട്. മാത്രമല്ല ഏഴ് കുട്ടികളുടെ വാലിഡ് ഐഡി കൂടി പരിഗണിച്ച് സ്കൂളിന്റെ സ്റ്റാറ്റസ് നിശ്ചിത എണ്ണത്തിൽ കുറവുള്ള സ്കൂൾ എന്നത് മാറ്റി നിശ്ചിത എണ്ണം കുട്ടികളുള്ള സ്കൂൾ എന്ന സ്റ്റാറ്റസ് കിട്ടണം എന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

7.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/06/2024 -ലെ DGE/9439/2024-H2 ഉത്തരവ്, KITE ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കുലർ എന്നിവ പ്രകാരം, ഇൻവാലിഡ് UID വാലിഡ് ആക്കുന്നതിനായി അവസരം നൽകിയിരുന്നു. മേൽ ഉത്തരവ്, സർക്കുലർ എന്നിവ പ്രകാരം പെരിങ്ങര പി എം വി ഹൈ സ്കൂൾ മാനേജരുടെ ആവശ്യം ഒരിക്കൽ കൂടി പരിശോധിച്ച് മേൽ ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യത്തിനർഹമെങ്കിൽ ആയത് പ്രകാരം തസ്തികനിർണ്ണയം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2023-2024 അക്കാദമിക വർഷം 8.8.2023 വരെ ഇൻവാലിഡ് UID, വാലിഡ് ആക്കുന്നതിന് അവസരം നൽകിയിരുന്നു. ടി ആനുകൂല്യം 2024-25 വർഷം അനുവദിച്ചിട്ടില്ല.

8.മേൽ പ്രകാരം എക്സിബിറ്റ് പി9 റിവിഷൻ പെറ്റീഷൻ തീർപ്പാക്കി റിട്ട് ഹർജി 16576/2025 ന്മേലുള്ള 22.05.2027 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ.കൃഷ്ണൻ നമ്പൂതിരി വി.വി., മാനേജർ, പി.എം.വി. ഹൈസ്കൂൾ, പെരിങ്ങര പി.ഒ., തിരുവല്ല, പത്തനംതിട്ട-689 108.

ഹെഡ്മിസ്ട്രസ്സ്, പി.എം.വി. ഹൈസ്കൂൾ, പെരിങ്ങര പി.ഒ., തിരുവല്ല, പത്തനംതിട്ട-689 108.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.

വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല-689 101.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല, പത്തനംതിട്ട-689 101.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(10.03.2026 ലെ GE-JA3/618/2025-G.EDN പ്രകാരം)

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/74/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 10-04-2026 09:54:12

സെക്ഷൻ ഓഫീസർ